വീക്ഷണം.

## മലയാളി തനിമ.

ജോൺ ഇളമത

അറിഞ്ഞില്ലേ തോമാച്ചാ! ഇവിടൊരു എഴുത്തുകാരി നമ്മടെ മതത്തെ മാനഭംഗപ്പെടുത്തി ഒരു നോവലഴുതി,എന്നിട്ട് ഇവിടത്തെ മാധ്യമക്കാരതിനവാർഡും കൊടുത്തു,ലജ്ജിക്കണം!അവാർഡു കൊടുക്കട്ടെ ഉൾഘനം,ഉൾക്കാഴച്ചേം ഒള്ളേന്!

എന്തിനുപറയട്ടെ അച്ചമ്മേ,രണ്ടായിരംവർഷമൊള്ള ഒരു പരമ്പരവിശ്വാസത്തെ കുലുക്കി താഴെ ഇടാനൊന്നുമല്ല,ചുളവി പേരെടുക്കണം.ഡാൻബ്രൗണും,മാധവികുട്ടീമൊക്കെ എഴുതീത് ക്ലാസിക്ക് സാധനങ്ങളാ!,അതേ തൊട്ടുപിടിച്ചു കളിച്ചാലൊന്നും കാര്യം നടക്കത്തില്ല,എഴുത്തിന് സരസ്വതി കനിയണം.ഇത് വെറും മതസ്പർദ്ധയും,അസ്സാമാധാനേം വെതക്കുന്ന കൂലി എഴുത്ത്!

അച്ചാമ്മ:-ധൈര്യമൊണ്ടേ,ഇസ്ലാമിനെ പിടിച്ചൊന്ന് കളിക്കട്ടെ,അപ്പോ കളികാണാം! അല്ലേ സ്വന്തം മതത്തേതൊട്ട്,മതമില്ലന്നു പറഞ്ഞാ അതു കളിപ്പീരാ!

തോമാച്ചൻ:-നസ്രാണി പാവമാന്നാ വിചാരം,അതുകൊണ്ടൊള്ള മൊതലെടുപ്പാ,അല്ലേലും നസ്രാണിക്ക് ബൈബിളി പറേന്നപോലല്ലേ ജീവിക്കാം പറ്റൂ,സ്നേഹിക്കുക,വിവരമില്ലാത്തവരോട് ക്ഷമിക്കുക!

അച്ചമ്മേ:-എന്തിയേ,എക്യൂമിനിസം കൂടി വചനം പ്രഘോഷിക്കുന്ന നസ്രാണികൾ!

തോമാച്ചൻ:- അതൊക്കെ ഒരു ഫിറ്റിങ്ങല്ലേ,എവിടെ തൂക്കമൊണ്ടോ,അവടക്കൂടും,മലയാളീസ്, ആദർശങ്ങളവര് നാക്കുകാണ്ട് പോക്കറ്റടിച്ച് വളച്ചൊടിക്കും!

അച്ചാമ്മ:-ഓന്തിൻെറ നിറം പോലാ മലയാളീസ്!ചെലര് പറേം കമ്മ്യൂണിസ്റ്റാന്ന്,മറ്റു പെലര് നക്സലാന്ന്,വേറേ ചിലര് മതേതര്, അല്ലേ ആദ്ധ്യാത്മികത തലക്കുപിടിച്ച് നടക്കുന്നോർ! എന്താ ഇതിൻെറയൊക്കെ ഗുട്ടൻസ്!

തോമാച്ചൻ:-വെറും തട്ടിപ്പ്!ഇവിടെ പിന്നെ മതം ഇളക്കിവിട്ട് തമ്മലടിപ്പിക്കാനുള്ള ശ്രമോം വ്യർത്ഥമാണ്,കേരളത്തി നടക്കും.ഇവിടെ മലയാളീസിന് അക്കാര്യത്തി മാത്രം ശ്രദ്ധേണ്ട്,മതം ഉള്ളിലാണന്നും,അത് പൊറത്തോട്ട് എറക്കരുതെന്നും!

അച്ചാമ്മ:-എങ്കിലും എന്തോന്ന് വകതിരിവില്ലായ്യാ ആ എഴുതി വച്ചിരിക്കുന്നെ!മഗദലനമറിയമെന്ന വേശ്യേ,അനാശ്യാസ്യോമായി യേശുതമ്പുരാൻ കൂട്ടികൊണ്ട് നടന്നൂന്നൊക്കെ ,പൊസ്ത്തകം ഒത്തിരി വായിച്ചതാ,ഏതു പെസ്ത്തേിലാ ഇതെഴുതിവെച്ചിരിക്കുന്നെ!

തോമച്ചൻ:-'നിങ്ങളിൽ പാമില്ലാത്തവർ കല്ലെറിയട്ടെ'!എന്ന നൂറ്റാണ്ടുകൾക്കു മുമ്പ് അരുളിയ യേശുവേനെ മ്ലേഛഭാഷയിൽ കല്ലെറിയാൻ ശ്രമിക്കുന്നവർ ഇവിടെ അസ്സമാധാനം വിതക്കുന്നു , എന്നവരറിയായ്കയാൽ അവരോട് ക്ഷമിക്കേണമേ എന്ന് ചിന്തിച്ചാമതി!

നാം! മതംമുള്ളവരോ ഇല്ലാത്തവരോ ആകട്ടെ,മതം ഉള്ളിലാണ്,വിശ്വാസം ഉള്ളിലാണ്,അത് പുറത്തേക്കെടുത്ത് അസ്സമാധാനം വിതക്കാതിരിക്കുക,അതിനെ സാഹിത്യത്തിൻെറ മറയിൽ അവതരപ്പിച്ച് മനുഷ്യമനസ്സിലേക്ക് സന്നിവേശിപ്പിച്ച് പ്രതിഷ്ടിക്കാനുള്ള സർഗ്ഗശക്തി ഇല്ലാത്തോർ അതിനുതുനിയരുതെന്നാ എൻെറ പക്ഷം!!